

IRCC (ഐആര്‍സിസി) ഫണ്ട് മുഖേനയുള്ള സേവനങ്ങള് ഉപയോഗിക്കുന്ന മാതാപിതാക്കള്ക്ക്

# നവാഗതരായ കുട്ടികള്‍ക്ക് വേണ്ടിയുള്ള എല്ലാ ശ്രദ്ധയും (കാര്യങ്ങളും) (CARE FOR NEWCOMER CHILDREN – CNC)

*സ്വാഗതം! ഞങ്ങളുടെ CNC പരിപാടി, കാനഡയില്‍ നവാഗതരായ കുട്ടികളെയും അവരുടെ കുടുംബങ്ങളെയും, IRCC യുടെ ധനസഹായത്തോടെ നടത്തപ്പെടുന്ന സേവനങ്ങള്‍ ലഭിക്കുന്നതിന് സഹായിക്കുന്നതിനായി പ്രത്യേകമായി രൂപകല്‍പന ചെയ്തിട്ടുള്ളതാണ്. സഹായിക്കാന് ഞങ്ങള് ഇവിടെയുണ്ട്.*

*ഈ കാലയളവ് നിങ്ങള്ക്കും നിങ്ങളുടെ കുടുംബത്തിനും ഒരു വലിയ മാറ്റം ആണെന്ന് ഞങ്ങള്ക്കറിയാം. ഞങ്ങളുടെ ലക്ഷ്യം, നിങ്ങളുടെ കുടുംബം കാനഡയില് വേരുറപ്പിക്കുമ്പോളേക്കും നിങ്ങളുടെ കുട്ടിക്ക് സ്വീകാര്യതയും ഭദ്രതയും സുരക്ഷിതത്വവും ഉറപ്പാക്കുന്നതോടൊപ്പം അവരുടെ വ്യക്തിവികാസത്തിനും ആത്മവിശ്വാസം വളര്ത്താനും ഉതകുന്ന പിന്തുണ നല്കലാണ്.*

**ഒരു കുട്ടി CNC പരിപാടിയില് ആയിരിക്കുമ്പോള് മാതാപിതാക്കള് എല്ലാ സമയത്തും ആ സ്ഥലത്തുതന്നെ ഉണ്ടായിരിക്കണം.**

## നിങ്ങളുടെ കുട്ടിയുടെ സുരക്ഷയെക്കാള്‍ മറ്റൊന്നും പ്രധാനമല്ല.

ഞങ്ങളുടെ ജീവനക്കാര് യോഗ്യതയുള്ളവരും അനുഭവപരിചയം ഉള്ളവരുമാണെന്നു നിങ്ങള്ക്ക് ഉറപ്പാക്കാം.

- എല്ലാ ജീവനക്കാര്ക്കും പശ്ചാത്തല / ക്രിമിനല് (കുറ്റവാളിയുടെ) റെക്കോര്‍ഡ് പരിശോധനകളും പ്രഥമശുശ്രൂഷാ പരിശീലനവും ഉണ്ട്.
- ഞങ്ങള് CNC യുടെ നിഷ്കര്‍ഷകള്‍ പിന്തുടരുന്നു, ഞങ്ങള് ആരോഗ്യ, സുരക്ഷാ മാനദണ്ഡങ്ങള് പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താന് നിരീക്ഷിക്കപ്പെടുകയും ചെയ്യുന്നു.
- എല്ലാ കുട്ടികളെയും ഒരേ പോലെ ആദരവോടെ മാനിക്കുന്നുണ്ടെന്നു ഉറപ്പ് വരുത്താന് ഞങ്ങള്ക്കൊരു പെരുമാറ്റചട്ടമുണ്ട്. ജീവനക്കാരുടെ പെരുമാറ്റം ശരിയായ രീതിയില് ആയിരിക്കണം. കുട്ടികളെ ശാരീരികമായി ശിക്ഷിക്കാനോ, അവരോടു പരുഷമായി സംസാരിക്കുവാനോ അനുവദിക്കുന്നതല്ല; അതുപോലെ തന്നെ അവരോടു അവഗണനയും ശ്രദ്ധക്കുറവും ഉണ്ടാവാനും അനുവദിക്കുന്നതല്ല.
- ഒരു കുട്ടിയെ ഉപദ്രവിക്കുകയോ, അവഗണിക്കുകയോ ചെയ്യുകയാണെങ്കില് അത് വേണ്ടപ്പെട്ട അധികാരികളെ അറിയിക്കുവാനുള്ള ബാദ്ധ്യതയും ഉത്തരവാദിത്വവും ജോലിയുടെ ഭാഗമായും നീതി നിര്‍വഹണവുമായും ബന്ധപ്പെട്ട് ജോലിക്കാര്ക്ക് ഉണ്ട്.

നിങ്ങള്‍ക്ക് കൂടുതലായി എന്തെങ്കിലും അറിയണമെങ്കില്/കണ്ടെത്തണമെങ്കില് ഞങ്ങളുടെ സ്വഭാവ പെരു മാറ്റചട്ടത്തിന്റെ അല്ലെങ്കില് കുട്ടികളുടെ ചൂഷണം/ അവഗണന നയത്തിന്റെ (നിയമം) ഒരു പകര്‍പ്പ് ചോദിക്കാന് മടിക്കേണ്ടതില്ല.

## എന്താണ് നിങ്ങള്ക്ക് CNC യില് നിന്ന് പ്രതീക്ഷിക്കാനാകുന്നത്?

കാനഡയില് ഒരു ഗ്രൂപ്പിലെ കുട്ടികളെ ഞങ്ങള് പരിപാലിക്കുന്ന രീതി നിങ്ങളുടെ രാജ്യത്തെക്കാള് വ്യത്യസ്തമായിരിക്കും. അച്ചടക്കം, ഭക്ഷണം, ഭാഷ, വിദ്യാഭ്യാസം അല്ലെങ്കില് ദിനചര്യകള്‍ സംബന്ധിച്ച് നിങ്ങള്‍ക്ക് ചോദ്യങ്ങള് ഉണ്ടെങ്കില് ദയവായി ചോദിക്കൂ. ഗവേഷണപഠനങ്ങള് കാണിക്കുന്നത് കുട്ടികള് പഠിക്കുന്നത് കളിയിലൂടെയാണ് എന്നാണ്, അതുകൊണ്ട് ജോലിക്കാര് (സ്റ്റാഫ്) കുട്ടികളുടെ ഇഷ്ടങ്ങള്, പ്രായം, കഴിവുകള്, സംസ്കാരം എന്നിവ അനുസരിച്ച് കളികളടിസ്ഥാനമാക്കിയിട്ടുള്ള പഠന പ്രവര്‍ത്തനങ്ങള്‍ പദ്ധതിയിടുന്നു. നിങ്ങളുടെ കുട്ടികള് മറ്റു കുട്ടികളുമായി ഇടപഴകുകയും കഴിവുകള് വികസിപ്പിച്ചെടുക്കുകയും ചെയ്യുന്പോള്‍ അത് അവരെ സ്കൂളിലേക്ക് വേണ്ടി തയാറാക്കും.

### നിങ്ങളുടെ കുട്ടിയെ CNC യുമായി പൊരുത്തപ്പെട്ടു പോകാനായി നിങ്ങള്‍ക്ക് എങ്ങനെ സഹായിക്കാന് കഴിയും?

CNC--യില് തുടക്കത്തില് നിങ്ങളുടെ കുട്ടിക്ക് പരിഭ്രമം (ഭയം) ഉണ്ടാകുന്നത് സാധാരണമാണ്. പരിവര്‍ത്തനം എളുപ്പമാക്കുന്നതിന് സ്റ്റാഫ് (ജീവനക്കാര്) നിങ്ങളോടോപ്പമുണ്ടാകും എന്നാല് ആദ്യമൊക്കെ നിങ്ങളുടെ കുട്ടി കരയുകയോ, നിങ്ങളെ പിടിച്ചു തൂങ്ങുകയോ (നിങ്ങളില് നിന്ന് മാറാതെ നില്ക്കുകയോ) അല്ലെങ്കില് വേറെ ചേഷ്ടകള് എന്തെങ്കിലുമോ കാണിച്ചേക്കാം. നിങ്ങളുടെ കുട്ടിയുടെ പേടി എങ്ങിനെ മാറ്റും എന്നതിനെപറ്റിയുള്ള ആശയത്തിനു വേണ്ടി CNC യിലേക്ക്സ്വാഗതം: ക്രമേണ ഭയം വിട്ടുപോകുന്നതിനു മാതാപിതാക്കള്ക്കുള്ള സഹായി (ഗൈഡ്) - എന്നതിന്‍റെ പകര്‍പ്പ് ചോദിക്കുക.

## മാതാപിതാക്കള്‍ക്കും ജീവനക്കാര്‍ക്കും ഇടയിലുള്ള ആശയ വിനിമയം പ്രധാന്യമുള്ളതാകുന്നു!

ഞങ്ങളുടെ CNC ജീവനക്കാരെ അറിയാനും നിങ്ങളുടെ കുട്ടിയെക്കുറിച്ചുള്ള വിവരങ്ങള് പങ്കിടാനും ഞങ്ങള് നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.


*Funded by: Immigration, Refugees and Citizenship Canada / Financé par : Immigration, Réfugiés et Citoyenneté Canada*

# നവാഗതരായ കുട്ടികൾക്ക് വേണ്ടിയുള്ള എല്ലാ ശ്രദ്ധയും (കാര്യങ്ങളും) (CARE FOR NEWCOMER CHILDREN – CNC)

നാം എല്ലാവരും ഒരുമിച്ചു പ്രവർത്തിക്കുമ്പോൾ, നിങ്ങളുടെ കുട്ടിയെ സുരക്ഷിതമായി സംരക്ഷിക്കുന്നതിന് നമുക്ക് നന്നായി സാധിക്കുന്നു

## CNC ജീവനക്കാരോട് പ്രത്യേകിച്ചു പറയുക:

- അലര്ജി, അഥവാ ഭക്ഷണ നിയന്ത്രണങ്ങള്;
- അസുഖങ്ങള് അഥവാ നിങ്ങളുടെ കുട്ടി കഴിക്കുന്ന മരുന്ന്.(ദയവു ചെയ്തു ശ്രദ്ധിക്കുക: ജീവന് ഭീഷണി ഉണ്ടാകുന്ന സാഹചര്യത്തില് മാത്രമേ മരുന്നുകള് നൽകുകയുള്ളൂ. കുട്ടിയുടെ പക്കലോ ബാഗിലോ വെക്കാന് പാടുള്ളതല്ല);
- CNC പ്രത്യേക ആവശ്യങ്ങള് അല്ലെങ്കില് വെല്ലുവിളികള്; അവര്ക്ക് സഹായിക്കാന് കഴിഞ്ഞേക്കും!

## ഇതും ജീവനക്കാരോട് പറയുന്നത് സഹായകരമായേക്കും:

- നിങ്ങളുടെ കുട്ടിയുടെ ഉറക്കം അഥവാ ഭക്ഷണ സമയം;
- നിങ്ങളുടെ കുട്ടിയുടെ ഇഷ്ടങ്ങളും ഇഷ്ടപ്പെട്ട ഭക്ഷണങ്ങളും;
- ജീവനക്കാർക്ക് കുട്ടിയോട് സംസാരിക്കാനുതകുന്ന വാക്കുകള്;
- കുടുംബത്തിന്റെയും, കുട്ടിയുടെ സഹോദരന്/ സഹോദരി എന്നിവരെ കുറിച്ചുള്ള വിവരങ്ങള് (അല്ലെങ്കില് ഒരു കുടുംബ ഫോട്ടോ കൊണ്ട് വരിക);
- നിങ്ങളുടെ കുട്ടിയുടെ പരിപാലനത്തിനുള്ള പ്രത്യേക മാര്ഗങ്ങള്, ഒപ്പം CNC -യിൽ നിന്നു നിങ്ങള് എന്താണ് ആഗ്രഹിക്കുന്നത്.

## ശ്രദ്ധിക്കേണ്ട മറ്റു കാര്യങ്ങള്:

- കുട്ടിയുടെ സുരക്ഷയ്ക്ക് വേണ്ടി, സേവനങ്ങള്ക്കായി രജിസ്റ്റര് ചെയ്ത രക്ഷിതാവ് മാത്രം അവരുടെ കുട്ടികളെ കൊണ്ടുവരികയും തിരിച്ചു കൊണ്ട് പോകുകയും ചെയ്യുക.
- കുട്ടിയെ കൊണ്ടുവരുംപോഴും തിരിച്ചു കൊണ്ടുപോകുമ്പോഴും നിങ്ങള് ഒപ്പ് ഇടേണ്ടത് അത്യാവശ്യമാണ്.
- കാലാവസ്ഥക്കും പ്രവര്ത്തിക്കും അനുയോജ്യമായ വസ്ത്ര ധാരണം നിങ്ങളുടെ കുട്ടിക്ക് ചെയ്യുക. നിങ്ങളുടെ കുട്ടി എന്താണ് ധരിക്കേണ്ടത് എന്നതിനെപറ്റി സംശയമുണ്ടെങ്കില് ജീവനക്കാരോട് ചോദിക്കുക.
- നിങ്ങളുടെ കുട്ടിയുടെ ദിനചര്യ നില നിര്ത്താനും അവരെ സ്കൂളിലേക്ക് തയാറാക്കുവാനും കുട്ടിയെ മുടങ്ങാതെ കൊണ്ടുവരേണ്ടത് പ്രധാന്യമര്ഹിക്കുന്നു. നിങ്ങളുടെ കുട്ടി ഹാജരാകാതിരുന്നാൽ ജീവനക്കാരെ അറിയിക്കണം.
- കുട്ടിക്ക് അസുഖമുണ്ടെങ്കില് രോഗം പടരാതിരിക്കാന് അവരെ വീട്ടില് തന്നെ ഇരുത്തണം. പനി അല്ലെങ്കില് വയറിളക്കമുള്ള കുട്ടികള് CNC യില് തിരിച്ചു എത്തുന്നതിനുമുന്പു അസുഖം മാറി 24 മണിക്കൂറെങ്കിലും ആയിരിക്കണം

## ഞങ്ങളുടെ CNC പരിപാടികളെ (പ്രോഗ്രാമ്മിനെ) കുറിച്ച്

**പരിചരിക്കുന്നവരുടെ പേരുകൾ :** ______________________
Caregiver's Name / Nom du dispensateur de soins

**CNC സമയം (മണിക്കൂര്):** ______________________
CNC Hours / Heures de garde d'enfant

| | ഉണ്ട് Yes / Oui | ഇല്ല Non / Non |
|---|---|---|
| രോഗ പ്രതിരോധ കുത്തിവെയ്പ്പ് അത്യാവശ്യമാണ്<br>Immunization required / L'enfant doit avoir été vacciné | ○ | ○ |
| ഞങ്ങള് ലഘു ഭക്ഷണം കൊടുക്കുന്നു<br>We provide snacks / Nous fournissons des collations | ○ | ○ |
| നിങ്ങളുടെ കുട്ടിയുടെ ഉച്ച ഭക്ഷണം/ ലഘു ഭക്ഷണം കൊണ്ടുവരിക<br>Bring food for your child's lunch/snack / Apportez le déjeuner/la collation de votre enfant | ○ | ○ |
| ഉച്ച ഭക്ഷണ സമയത്ത് നിങ്ങളുടെ കുട്ടിയെ നിങ്ങള് ശ്രദ്ധിക്കുക<br>You care for your child at lunch / Vous prenez soin de votre enfant au déjeuner | ○ | ○ |
| ഞങ്ങള്ക്കൊരു ഉച്ചയുറക്കസമയം (മയക്കം) ഉണ്ട്<br>We have a naptime / Notre programme prévoit une sieste | ○ | ○ |

| | ഉണ്ട് Yes / Oui | ഇല്ല Non / Non |
|---|---|---|
| സുഖപ്രദമായ ഒരു കളിപ്പാട്ടം കൊണ്ടുവരിക<br>Bring a comfort toy / Apportez un jouet réconfortant | ○ | ○ |
| പകരം തുണികള് കൊണ്ടുവരിക<br>Bring extra clothes / Apportez des vêtements supplémentaires | ○ | ○ |
| അകത്തിടാനുള്ള ഷൂസ് കൊണ്ടുവരിക<br>Bring indoor shoes / Apporter des chaussures d'intérieur | ○ | ○ |
| പുതപ്പു/കമ്പിളി കൊണ്ടുവരിക (ആവശ്യമാണെങ്കില്)<br>Bring a blanket (if needed) / Apportez une couverture (si nécessaire) | ○ | ○ |
| ഡയപ്പര് കൊണ്ടുവരിക(ആവശ്യമെങ്കിൽ)<br>Bring diapers (if needed) / Apportez des couches (si nécessaire) | ○ | ○ |

CMAS

കുടിയേറ്റക്കാരായ കുഞ്ഞുങ്ങൾക്ക് പരിചരണവും സംരക്ഷണവും ഉറപ്പാക്കുന്നു

*കൂടുതൽ രക്ഷാകർതൃ-സംബന്ധ ഉറവിടങ്ങൾക്കായി, സന്ദർശിക്കുക: www.cmascanada.ca*

Care for Newcomer Children


*Funded by: Immigration, Refugees and Citizenship Canada / Financé par : Immigration, Réfugiés et Citoyenneté Canada*